ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന സാധാരണ പോലീസുകാരുടെ കുടുംബങ്ങൾക്ക് പുറത്തിറങ്ങുവാൻ കഴിയാത്തവിധം കമ്പിവേലി കെട്ടി അടയ്ക്കുവാനും പുതുതായി നിർമ്മിച്ച ബഹുനില മന്ദിരത്തിനു മുൻപിലുള്ള നാലു ക്വാർട്ടറുകൾ പൊളിച്ചുനീക്കാനും ശ്രമം നടന്നപ്പോൾ അവിടെയുള്ള സാധാരണ പോലീസുകാരുടെ കുടുംബങ്ങളിൽപ്പെട്ടവർ അതു തടയുവാൻ ശ്രമിച്ചു. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കുടുംബങ്ങൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നത് അവിടെ താമസിക്കുന്ന സാധാരണ പോലീസുകാരുടെ കുടുംബങ്ങളെ ഉപദ്രവിച്ചുകൊണ്ടാകരുത്. മെച്ചപ്പെട്ട സൗകര്യങ്ങൾക്കായി ഏർപ്പെടുത്തുന്ന പരിഷ്ക്കാരങ്ങൾ എല്ലാപേർക്കും സ്വീകാര്യമായിരിക്കുവാൻ ശ്രദ്ധിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, തിരുവനന്തപുരം നഗരത്തിൽ പോലീസുദ്യോഗസ്ഥന്മാരുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി അടുത്തകാലത്ത് ഭക്തിവിലാസം കോംപൗണ്ടിൽ ഒരു നാലുനില കെട്ടിടം നിർമ്മിക്കുകയുണ്ടായി. ഇതിനു മുൻപിലുള്ള ക്വാർട്ടേഴ്സുകൾ പൊളിച്ചുനീക്കാനോ, പൊതുവഴി കെട്ടിയടയ്ക്കാനോ ക്വാർട്ടേഴ്സിലെ താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിലുള്ള മറ്റേതെങ്കിലും പരിഷ്ക്കാരങ്ങൾക്കോ ഉദ്ദേശമില്ല. എല്ലാ വിഭാഗം ഉദ്യോഗസ്ഥന്മാരുടെയും പൊതുതാൽപ്പര്യം സംരക്ഷിക്കുന്ന സമീപനം മാത്രമേ ഇക്കാര്യത്തിൽ സ്വീകരിക്കൂ. അതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ബിന്ദു എന്ന പെൺകുട്ടി ആർ.എസ്. എസ്.കാരാൽ പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച്

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്, ശ്രീ. എം. വി. ജയരാജൻ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നീ മെമ്പർമാർ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്. ആരാണ് ഉന്നയിക്കുന്നത് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. ആരാണ് ഉന്നയിക്കുന്നത് എന്ന് നിങ്ങൾ നിശ്ചയിച്ചാൽ മതി.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ ഉന്നയിക്കാം.

മി. സ്പീക്കർ : Yes, ശ്രീ. എം. വി. ജയരാജൻ .....

ശ്രീ. എം. വി. ജയരാജൻ : സർ, ഞങ്ങളെല്ലാവരും എഴുതിത്തരാൻ കാരണം ഈ സംഭവത്തിന് വളരെയധികം പ്രാധാന്യവും അതീവ ഗൗരവവും ഉള്ളതുകൊണ്ടാണ്. കഴിഞ്ഞ വെള്ളിയാഴ്ച കണ്ണൂർ ജില്ലയിൽ മട്ടന്നൂരിനടുത്ത് പട്ടാനൂർ കൊട്ടോളിപ്രം എന്ന പ്രദേശത്ത് 20 വയസ് മാത്രം പ്രായമുള്ള ഡി.വൈ.എഫ്.ഐ. പട്ടാനൂർ വില്ലേജ് കമ്മിറ്റി അംഗവും മഹിളാ അസോസിയേഷൻ യൂണിറ്റ് പ്രസിഡന്റുമായിട്ടുള്ള ബിന്ദുവിനെ ഒരുകൂട്ടം ആർ.എസ്.എസ്. കാർ പ്രാകൃതമായ രീതിയിൽ പീഡിപ്പിച്ചു. വീടിനു സമീപമുള്ള വയലിൽ പച്ചക്കറികൃഷിക്ക് വെള്ളം കോരി, തിരിച്ചുവരുന്ന വഴി മദ്ധ്യേ ഒരുകൂട്ടം ക്രിമിനലുകളായിട്ടുള്ള ആർ.എസ്.എസ്സുകാർ ആ

LIBRARY ARCHIVES Kerala Legislative Assembly

പെൺകുട്ടിയുടെ വായിൽ തുണിയും കടലാസുമെല്ലാം തിരുകിക്കയറ്റി അങ്ങേയറ്റം ക്രൂരമായ രീതിയിൽ ആക്രമിക്കുകയും കാലിലെ രോമം വടിച്ചു കളഞ്ഞശേഷം ആർ.എസ്.എസ്. എന്ന് പ്രാകൃതമായ രീതിയിൽ എഴുതുകയുമാണ് ചെയ്തത്. ഇതിന് എന്തെങ്കിലുമൊരു പ്രകോപനം പറയാനില്ല. ആർ.എസ്.എസ്. എന്ന സംഘടനയുടെ ഫാസിസ്റ്റ് സ്വഭാവമാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. യഥാർത്ഥത്തിൽ ഈ പെൺകുട്ടി ഉൾപ്പെടെ ആ പ്രദേശത്തുള്ള ഡി.വൈ.എഫ്.ഐ. യുടെയും മഹിളാ അസോസിയേഷന്റെയും പ്രവർത്തകന്മാരാകെ, നാട്ടുകാരാകെ വ്യാജവാറ്റിനെതിരായി അവിടെയുള്ള ജനങ്ങളെ അണിനിരത്തി സംഘടിപ്പിച്ചു വരുകയായിരുന്നു. ആ വ്യാജ വാറ്റിന് നേതൃത്വം കൊടുക്കുന്നവരാണ്.....

മി. സ്പീക്കർ : സബ്മിഷൻ സമയത്ത് നിവേദനങ്ങൾ പാടില്ല. പഴയ അസംബ്ലി മന്ദിരത്തിൽ ചില ചിട്ടവട്ടങ്ങളുണ്ടായിരുന്നു. ക്രോസ് ചെയ്യാൻ പറ്റില്ല എന്നൊക്കെയാണ്. ഇവിടെയിപ്പോൾ ക്രോസ് ചെയ്യുകയാണ്. അത് യാതൊരു ബുദ്ധിമുട്ടുമില്ലാതെ നടക്കുകയാണ്. ഇതൊന്നും ശരിയായ രീതിയല്ല. ഇതു പറയേണ്ടി വന്നതിൽ ദുഃഖമുണ്ട്.

ശ്രീ. എം. വി. ജയരാജൻ : സർ, വ്യാജവാറ്റിനെതിരായി ഈ പെൺകുട്ടിയുടെ നേതൃത്വത്തിൽ നാട്ടുകാരാകെ സമര രംഗത്തു വന്നതാണ് ആർ.എസ്.എസുകാരെ പ്രകോപിപ്പിച്ചത്. ഈ കുട്ടി ഇപ്പോൾ മട്ടന്നൂർ ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇതു സംബന്ധിച്ച് ഇന്നത്തെ എല്ലാ പത്രങ്ങളിലും വാർത്തവന്നിട്ടുണ്ട്. കേരളീയ സമൂഹ മനസ്സാക്ഷിയെ അങ്ങേയറ്റം ഞെട്ടിപ്പിച്ച പ്രാകൃതവും ക്രൂരവും പൈശാചികവുമായ ഈ നടപടിക്ക് ഉത്തരവാദികളായ ആർ.എസ്.എസ്സുകാരുടെ പേരിൽ നിയമാനുസൃതമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതു സംബന്ധിച്ച് ശ്രീ. കെ. ടി. കുഞ്ഞഹമ്മദും ശ്രീമതി കെ. കെ. ശൈലജ ടീച്ചറും എഴുതിത്തന്നു. ശ്രീ. കെ. ടി. കുഞ്ഞഹമ്മദിന്റെ മണ്ഡലത്തിലാണ് ഈ സംഭവം. അങ്ങേയറ്റം പ്രാകൃതമായ ഈ നടപടിക്കെതിരായി സഭയുടെ പൊതുവികാരം തന്നെ ഉയരണമെന്നുള്ളതുകൊണ്ടാണ് ഇതു പറയുന്നത്.

മി. സ്പീക്കർ : ഇതു സംബന്ധിച്ച് ശ്രീ. കെ. ടി. കുഞ്ഞഹമ്മദും ശ്രീമതി കെ. കെ. ശൈലജ ടീച്ചറും സബ്മിഷന് ഓരോ നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, മട്ടന്നൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കൊട്ടോളിപ്രത്തെ ഗോപാലന്റെ മകൾ ബിന്ദു വീടിനു സമീപമുള്ള പച്ചക്കറിത്തോട്ടത്തിൽ നനച്ചുകൊണ്ടു നിന്നപ്പോൾ രണ്ടുപേർ ചേർന്ന് വായ് പൊത്തിപ്പിടിച്ച് ആക്രമിച്ചു. അബോധാവസ്ഥയിലായ ബിന്ദുവിനെ ഇവർ വലിച്ചിഴച്ച് സമീപത്തുള്ള വിജനമായ സ്ഥലത്തുകൊണ്ടു പോയി ഇടതു കാൽവണ്ണയിൽ ഇരുമ്പ്വയർ കൊണ്ട് ആർ.എസ്.എസ്. എന്നെഴുതി പരിക്കേൽപ്പിച്ച ഒരു സംഭവം 16-2-2001-ൽ ഉണ്ടായി. ജനാധിപത്യ മഹിളാ അസോസിയേഷൻ കൊട്ടോളിപ്രം യൂണിറ്റ് പ്രസിഡന്റും ഡി.വൈ.എഫ്.ഐ.

LIBRARY ARCHIVES Kerala Legislative Assembly

പട്ടാന്നൂർ വില്ലേജ് കമ്മിറ്റി അംഗവുമാണ് അക്രമത്തിനു വിധേയമായ ശ്രീമതി ബിന്ദു. ഇതു സംബന്ധിച്ച് മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 60/2001 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. തികച്ചും മനുഷ്യത്വരഹിതമായ നടപടിയാണ് ബിന്ദുവിന് നേരെയുണ്ടായത്. രാഷ്ട്രീയ വിരോധം വച്ചുകൊണ്ട് യുവതിയെ പീഡിപ്പിച്ച അക്രമികൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യുമെന്ന് പ്രസ്താവിക്കുന്നു.

(7) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചില കിണറുകളിൽ വെള്ളം തിരയടിച്ച് പൊങ്ങുന്നതും വീടുകൾക്ക് വിള്ളലുണ്ടാകുന്നതും സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജക മണ്ഡലത്തിൽ നിലമ്പൂർ, ചാലിയാർ. ചുങ്കത്തറ, എടക്കര, വഴിക്കടവ്, അമരമ്പലം, കാളികാവ് തുടങ്ങിയ പാഞ്ചായത്തുകളിലെ കിണറുകളിൽ വെള്ളം തിരയടിക്കുന്നു എന്നു പറയുന്നു. യഥാർതഥത്തിൽ ഈ പഞ്ചായത്തുകളിലെല്ലാം വെള്ളം തിളച്ചു പൊങ്ങുന്നതുപോലെ കിണറുകളിൽ വെള്ളം പൊങ്ങിക്കൊണ്ടിരിക്കുകയാണ്. അവിടെ ഈ പ്രതിഭാസം തുടങ്ങിയിട്ട് രണ്ടു-മൂന്ന് ആഴ്ചയായി. ജിയോളജിസ്റ്റുകൾ അവിടെ വന്നുനോക്കി. ഇപ്പോൾ അത്തരം സ്ഥലങ്ങളിലുള്ള വീടുകളിലൊക്കെ വിള്ളൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ വിള്ളൽ ഓരോ ദിവസവും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അമരമ്പലം പഞ്ചായത്തിലെ തേൾപ്പാറ എന്ന സ്ഥലത്ത് 15-16 വീടുകൾക്ക് ഇതുപോലെ വിള്ളൽ ഉണ്ടായിട്ടുണ്ട്. വഴിക്കടവ്, മാമങ്കര എന്നീ സ്ഥലങ്ങളിൽ 35-40 വീടുകൾക്ക് ഇതുപോലെ വിള്ളലുണ്ടായിട്ടുണ്ട്. നാരാക്കാവ്, വള്ളിക്കാട് റോഡിന്റെ രണ്ടു കിലോമീറ്ററോളം ദൂരത്തിൽ വിള്ളൽ ഉണ്ടായിരിക്കുന്നു. പല വീടുകളുടെയും ഫൗണ്ടേഷൻനിൽതന്നെ വിള്ളലനുഭവപ്പെട്ടു എന്നു മാത്രമല്ല, ഓരോ ദിവസവും വിള്ളൽ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ വീടുകളെല്ലാം പാവപ്പെട്ട ആളുകളുടെ വീടുകളാണ്. വിള്ളലുണ്ടായ വീടുകളിൽ താമസിക്കാൻ യാതൊരു രക്ഷയുമില്ലാത്ത സ്ഥിതിയാണ്. ഇതിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണം. ഗവൺമെന്റിന് പരിമിതികളുണ്ടെന്ന് എനിക്കറിയാം. നമ്മുടെ സംസ്ഥാനത്ത് നിലമ്പൂർ മാത്രമല്ല, മലപ്പുറം ജില്ലയുടെ പല ഭാഗത്തും ഇത് അനുഭവപ്പെടുന്നുണ്ട്. അതുപോലെ കൊല്ലം ജില്ലയിലെ പല പ്രദേശങ്ങലിലും ആലപ്പുഴ ജില്ലയിലും ഇതനുഭവപ്പെടുകയാണ്. ഇതെങ്ങനെയുണ്ടാകുന്നു എന്നെങ്കിലും നമുക്ക് മനസ്സിലാക്കാൻ സാധിക്കണം. ഇത്തരത്തിലുള്ള വിള്ളൽ കാണുന്ന സ്ഥലത്ത് വലിയ ഭൂചലനമുണ്ടാകാനും കൂടുതൽ അപകടമുണ്ടാകാനും സാദ്ധ്യതയുണ്ടോ എന്നറിയണം. ആദ്യം കിണറുകളിൽ വെള്ളം തിരയടിക്കുന്നത് കണ്ട് ജിയോളജിസ്റ്റുകൾ വന്നു നോക്കിയിട്ട് വ്യത്യസ്ത അഭിപ്രായങ്ങളാണ് പറഞ്ഞത്. അത് പത്രങ്ങളിൽ വന്നതാണ്. ചിലർ പറഞ്ഞത്, യാതൊരു അപകടവുമില്ല എന്നാണ്, ചിലർ പറഞ്ഞത് ഇതുകൊണ്ട് അപകടമുണ്ട് എന്നാണ്. ഗുജറാത്തിലുണ്ടായതുപോലൊരു സംഭവം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കട്ടെ. ഇതിന് നമുക്ക് എന്തൊക്കെ പ്രതിവിധി ചെയ്യാൻ സാധിക്കുമെന്ന് കാലേക്കൂട്ടി മനസ്സിലാക്കാൻ സാധിക്കണം. അതിന് ഗവൺമെന്റ് ഇതിന്റെ വിദഗ്ദ്ധന്മാരാരാണെങ്കിലും, അവരെ വരുത്തി നിലമ്പൂരും

LIBRARY ARCHIVES Kerala Legislative Assembly